പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3020

23/03/2015 -ൽ
മറുപടിയ്ക്ക്

## സഹ്യശ്രീ പദ്ധതി

**ചോദ്യം**

ശ്രീ.സി..മമ്മൂട്ടി
ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി
ശ്രീ.പി.ഉബൈദുള്ള
ശ്രീ.കെ.എൻ.എ.ഖാദർ

**ഉത്തരം**

ശ്രീ.കെ.സി..ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

(എ) മലയോര വികസന ഏജൻസി നടപ്പാക്കുന്ന സ്വയം തൊഴിൽ പദ്ധതിയായ സഹ്യശ്രീയുടെ പ്രവർത്തനവും പ്രയോജനവും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ ;

(എ) വിലയിരുത്തിയിട്ടുണ്ട്. ഓരോ മാസവും മലയോര വികസന ഏജൻസിയുടെ വിവിധ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യാറുണ്ട്. ഇതിന്റെ ഭാഗമായി സഹ്യശ്രീയുടെ പ്രവർത്തനം വിലയിരുത്തുകയും അവയുടെ പ്രയോജനം കൂടുതൽ ജനങ്ങൾക്ക് ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(ബി) എത്ര സ്വയം സഹായ സംഘങ്ങളെ ഈ പദ്ധതിയുടെ പ്രയോജകരാക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) 96 സ്വയം സഹായ സംഘങ്ങളെ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാക്കാൻ സാധിച്ചിട്ടുണ്ട്.

(സി) കൂടുതൽ പേരെ ഈ പദ്ധതിയുടെ പ്രയോജന പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

(സി) ഉണ്ട്. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് കൂടുതൽ സ്വയം സഹായ സംഘങ്ങൾക്ക് സഹായം ലഭ്യമാക്കി പദ്ധതിയുടെ പ്രയോജന പരിധിയിൽ കൊണ്ടുവരുന്നതാണ്.

Bijumon

സെക്ഷൻ ഓഫീസർ